LIBRARY ARCHIVES Kerala Legislative Assembly

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ആലപ്പുഴ അംഗം ഇവിടെ ഉന്നയിച്ചത് കോവിഡ്-19 മഹാമാരി ലോകത്തെമ്പാടുമുള്ള ടൂറിസം മേഖലയെ സാരമായി ബാധിച്ചുകൊണ്ടിരിക്കുന്ന പ്രശ്നവുമായി ബന്ധപ്പെട്ടാണ്. കേരളത്തിലെ ടൂറിസം മേഖലയിലും ഇതിന്റെ പ്രത്യാഘാതമുണ്ടായി. സർക്കാർ പ്രഖ്യാപിച്ച പ്രത്യേക പദ്ധതികളിലൂടെ ഒന്നാംഘട്ടത്തെ മറികടക്കുമ്പോഴാണ് രണ്ടാം തരംഗമുണ്ടായത്. കേരളത്തിലെ ഹൗസ്ബോട്ട് വ്യവസായത്തിന്റെ കേന്ദ്രമാണ് ആലപ്പുഴ. ഇതുവരെ 96 ഹൗസ് ബോട്ട് ഉടമകൾക്ക് ടൂറിസം ഹൗസ്ബോട്ട് സപ്പോർട്ട് സ്കീം വഴി ഒറ്റത്തവണ ധനസഹായ പദ്ധതിയുടെ ഭാഗമായി 86 ലക്ഷം രൂപയുടെ ധനസഹായം നൽകാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനുപുറമേ കേരള ബാങ്കുവഴി ഈ മേഖലയിലെ ജീവനക്കാർക്ക് വായ്പാ പദ്ധതി നടപ്പിലാക്കിയിട്ടുമുണ്ട്. ടൂറിസം മേഖലയിലെ ജീവനക്കാരെ കോവിഡ്-19 മുന്നണിപ്പോരാളികളായി കണക്കാക്കി, മുൻഗണനാക്രമത്തിൽ വാക്സിനേഷൻ ലഭ്യമാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഹോട്ടൽ, റിസോർട്ട്, റെസ്റ്റോറന്റ് ജീവനക്കാർക്ക് ഇതിനോടകം വാക്സിൻ നൽകിത്തുടങ്ങിയിട്ടുണ്ട്. കോവിഡ്-19 രണ്ടാം തരംഗംമൂലമുണ്ടായ പ്രതിസന്ധി മറികടക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതിനായി മേയ് മാസം 27-ന് സർക്കാർ വിനോദസഞ്ചാര മേഖലയിലെ 18 സംഘടനകളുമായി ചർച്ച നടത്തിയിരുന്നു. ആലപ്പുഴ ജില്ലയിലെ എം.എൽ.എ.-മാരെ പങ്കെടുപ്പിച്ച് ഈ സഭാ സമ്മേളനം കഴിഞ്ഞാൽ യോഗം വിളിച്ച് ചേർക്കാനും തീരുമാനിച്ചിട്ടുണ്ട്.

(8) ടൂറിസം മേഖല

ശ്രീ. കെ. ജെ. മാക്സി: സർ, ഫോർട്ടുകൊച്ചി - മട്ടാഞ്ചേരി നൂറ്റാണ്ടുകൾ പഴക്കമുള്ള പൗരാണിക നഗരവും ലോക പ്രശസ്തമായ ടൂറിസ്റ്റ് കേന്ദ്രവും ബിനാലെ പോലെ ഇന്ത്യയുടെ ഏക അന്തർദ്ദേശീയ സമകാലിക കലാപ്രദർശനം നടക്കാറുള്ള പ്രദേശവുമാണ്. ടൂറിസത്തെ മാത്രം ആശ്രയിച്ച് ജീവിക്കുന്ന ഹോംസ്റ്റേകൾ, ഹാന്റിക്രാഫ്റ്റ് കടകൾ, ആർട്ട് ഗ്യാലറികൾ, ഹോട്ടൽ ആൻഡ് റെസ്റ്റോറന്റ്, ടൂറിസ്റ്റ് ഗൈഡുകൾ, വഴിയോര കച്ചവടക്കാർ ഉൾപ്പെടെയുള്ള നൂറുകണക്കിന് കുടുംബങ്ങളുടെ ജീവിതം വഴിമുട്ടി നിൽക്കുകയാണ്. കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ ടൂറിസം മേഖലയ്ക്ക് മുഖ്യമന്ത്രി ടൂറിസം ലോൺ നടപ്പിലാക്കിയെങ്കിലും ഫോർട്ടുകൊച്ചി-മട്ടാഞ്ചേരി മേഖലയിൽ ചുരുക്കംപേർക്ക് മാത്രമാണ് ലോൺ ലഭിച്ചത്. പ്രസ്തുത ലോൺ എല്ലാവർക്കും ലഭിക്കാനുള്ള അടിയന്തര നടപടി സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട കൊച്ചി അംഗം ഉന്നയിച്ചത് നേരത്തേ ആലപ്പുഴ അംഗം ഉന്നയിച്ച വിഷയവുമായി സമാന സ്വഭാവമുള്ളതാണ്. കോവിഡ് 19-ന്റെ ഒന്നാംഘട്ടം ടൂറിസം രംഗത്തുണ്ടാക്കിയ ആഘാതം മറികടക്കുന്നതിനിടയിലാണ് രണ്ടാം തരംഗമെത്തിയത്. ഇത് കേരളത്തിലെ ടൂറിസം മേഖലയെ ആശ്രയിച്ചുകഴിയുന്നവരെ ബാധിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച ഫോർട്ടുകൊച്ചി-മട്ടാഞ്ചേരി ഉൾപ്പെടെയുള്ള ടൂറിസം മേഖലയെ ആശ്രയിച്ച് ജീവിക്കുന്ന എല്ലാവരെയും സംരക്ഷിക്കുക എന്നത് സർക്കാർ നിലപാടാണ്. ഇതിന്റെ ഭാഗമായി മേയ് മാസം 27-ന് സർക്കാർ വിനോദസഞ്ചാര മേഖലയിലെ 18 സംഘടനകളുമായി ചർച്ച നടത്തിയിരുന്നു. തുടർനടപടിക ളെക്കുറിച്ച് ആലോചിക്കുകയാണ്. ടൂറിസം മേഖലയിലെ ജീവനക്കാരെ കോവിഡ്-19 മുന്നണിപ്പോരാളികളായി കണക്കാക്കി മുൻഗണനാക്രമത്തിൽ വാക്സിനേഷൻ ലഭ്യമാക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി ഹോട്ടൽ, റിസോർട്ട്, റെസ്റ്റോറന്റ് ജീവനക്കാർക്ക് ഇതിനോടകം വാക്സിൻ നൽകിത്തുടങ്ങിയിട്ടുണ്ട്.

IV നിയമനിർമ്മാണകാര്യം

2021-ലെ കേരള സാംക്രമിക രോഗങ്ങൾ ബില്ലിന്റെ അവതരണവും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും

ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, " 2021 മേയ് 31-ാം തീയതി സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഇന്ന് സഭ മുമ്പാകെ അവതരിപ്പിക്കുന്ന 2021-ലെ കേരള സാംക്രമിക രോഗങ്ങൾ ബിൽ, അവതരണത്തിനും തുടർന്നുള്ള പൊതുചർച്ചയ്ക്കുശേഷം ഇന്നുതന്നെ പരിഗണനയ്ക്കെടുക്കുന്നതിലേയ്ക്കായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 76(1)-ലെയും ചട്ടം 237-ലെയും വ്യവസ്ഥകളും അതിനനുസൃതമായി ബില്ലിന്റെ തത്വത്തെപ്പറ്റി ചർച്ച ചെയ്യുന്നതിലേയ്ക്കായി ചട്ടം77-ലെ വ്യവസ്ഥകളും താൽക്കാലികമായി ഭേദഗതി ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു "എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി അവതരിപ്പിച്ച പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....